**കേരള സർക്കാർ**

**സംഗ്രഹം**

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എൻ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക യോഗ്യതയിൽ എസ്.സി/എസ്.റ്റി./ ഒ.ബി.സി./ പി.എച്ച്. വിഭാഗങ്ങൾക്ക് മാർക്കിൽ ഇളവ് സംബന്ധിച്ചുള്ള ഉത്തരവിന് മുൻകാല പ്രാബല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം.48/2017/പൊവിവ തീയതി, തിരുവനന്തപുരം.13/06/2017

---

പരാമർശം:- 1. ജി.ഒ (എം.എസ്) നം. 213/2014/പൊവിവ തീയതി 15/10/2014
2. 15/3/17 തീയതിയിലെ സ.ഉ.(കൈ) നം.18/2017/പൊവിവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്കുള്ള കെ ടെറ്റ് പരീക്ഷയിൽ എസ്.സി/എസ്.റ്റി./ ഒ.ബി.സി./ പി.എച്ച്. വിഭാഗങ്ങൾക്ക് 5% മാർക്കിളവ് അനുവദിച്ച് ഉത്തരവായിരുന്നു. രണ്ടാമതു പരാമർശിച്ച ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവിന് ചില സ്പഷ്ടീകരണങ്ങൾ നൽകുകയും ചെയ്തിരുന്നു. രണ്ടാമതു പരാമർശിച്ച ഉത്തരവിലെ മാർക്കിളവിന് മുൻകാല പ്രാബല്യം നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം പരാമർശം (2)ലെ ഉത്തരവിൽ മാർക്കിളവ് സംബന്ധിച്ചുള്ള ഉത്തരവിന് 15/10/2014 മുതൽ മുൻകാല പ്രാബല്യം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,, ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, ഐ.ടി @ സ്കൂൾ , തിരുവനന്തപുരം ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഐ.& പി.ആർ.ഡി. (വെബ്&ന്യൂ മീഡിയ) ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ